മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 75 ലക്ഷം രൂപാ കടമായും 15 ലക്ഷം രൂപാ ഗ്രാൻറായും അനുവദിച്ചിട്ടുണ്ട്.

(ബി) 1. എറണാകുളം മട്ടാഞ്ചേരി ജലവിതരണപദ്ധതി,
2. തൃശ്ശൂർ ജലവിതരണപദ്ധതി,
3. കോട്ടയം ജലവിതരണപദ്ധതി,
4. കൊല്ലം ജലവിതരണപദ്ധതി,
5. എറണാകുളം മട്ടാഞ്ചേരി ഡ്രയ്നേജ് പദ്ധതി,
6. തിരുവനന്തപുരം ഡ്രെയിനേജ് പദ്ധതി, (B & C Blocks)
7. കുട്ടനാട് പ്രോജക്ട്,
8. നാഞ്ചിനാട് പ്രോജക്ട്,
9. മാവേലിക്കര തിരുവല്ലാ പ്രോജക്ട്,
10. വൈപ്പിൻ പ്രോജക്ട്,
11. കന്യാകുമാരി ജലവിതരണപദ്ധതി.

ഈ പദ്ധതികളിൽ കടമായി അനുവദിച്ചിട്ടുള്ള 75 ലക്ഷം രൂപാ ആദ്യത്തെ ആറു പദ്ധതികൾക്കുവേണ്ടിയും, ഗ്രാൻറായി അനുവദിച്ചിട്ടുള്ള 15 ലക്ഷം രൂപാ ഒടുവിലത്തെ അഞ്ചു പദ്ധതികൾക്കും വിനിയോഗിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്.

(സി) കന്യാകുമാരി ജലവിതരണപദ്ധതിയുടെ ജോലി ആരംഭിച്ചുകഴിഞ്ഞു. തൃശ്ശൂർ ജലവിതരണപദ്ധതിയുടെ ജോലി ഉടൻ ആരംഭിക്കുന്നതാണ്.

## Training of Primary School Teachers.

*667. [34] **Shri K. Sattanatha Karayalar:** Will the Chief Minister be pleased to state:

(*a*) the number of Primary School Teachers that are under Training this year; and

(*b*) the number of Primary School trained hands that are awaiting appointment?

*Chief Minister* (**Shri Panampilli Govinda Menon**): (*a*) 622.

(*b*) 4134.

തൊഴിലാളി സമരം സംബന്ധിച്ചെടുത്ത കേസുകൾ.

*668. [36] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പോലീസ്വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തേയില തോട്ടങ്ങളിൽ, പീരിമേട് സ്റ്റേഷനിൽ മാത്രമായി പോലീസ് തൊഴിലാളികളുടെ പേരിലും യൂണിയൻ പ്രവർത്തകരുടെ പേരിലുമായി ചാർജ്ജ് ചെയ്യിട്ടുള്ളതും ചെയ്യിട്ടില്ലാത്തതുമായ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഈ കേസുകൾ പിൻവലിക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly